PSCNET.in

# 157/2016 - M

1. 45-ാമത് കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ മികച്ച ചിത്രം :
(A) ഒരാൾപൊക്കം (B) മേരികോം (C) ഒറ്റാൽ (D) അങ്കുരം

2. ഇന്ത്യയുടെ പ്രഥമ വാനനിരീക്ഷണ ഉപഗ്രഹം :
(A) ആസ്ട്രോസാറ്റ് (B) ആര്യഭട്ട (C) കാർട്ടോസാറ്റ് (D) റിസോഴ്സ്സാറ്റ്

3. 'ഇന്ത്യൻ മിസൈലുകളുടെ പിതാവ്' എന്നറിയപ്പെടുന്നത് ആര് ?
(A) ഐസക് ന്യൂട്ടൺ (B) ഹോമി. ജെ. ഭാഭ
(C) വിക്രം സാരാഭായ് (D) A.P.J. അബ്ദുൾകലാം

4. കേരള സർക്കാറിന്റെ 2015 -ലെ രാജാരവിവർമ്മ പുരസ്കാരം നേടിയത് :
(A) കെ.വി. ഹരിദാസൻ (B) ബാലൻ നമ്പ്യാർ
(C) മഹേഷ് കുമാർ (D) അഭിഷേക് ആർ

5. ലോകസഭാ ഡെപ്യൂട്ടി സ്പീക്കർ :
(A) നജ്മ ഹെപ്ത്തുള്ള (B) സൂരജ് ബാൻ
(C) തമ്പിദുരൈ (D) പി.ജെ. കുര്യൻ

6. 'വായ്പ ലഭിക്കാത്തവർക്ക് വായ്പ' എന്ന മുദ്രാവാക്യവുമായി ബന്ധപ്പെട്ട പദ്ധതി :
(A) വനജ് പദ്ധതി (B) ഇന്ദ്രധനുഷ് പദ്ധതി
(C) തദ്ദേശമിത്ര പദ്ധതി (D) മുദ്ര പദ്ധതി

7. ജ്ഞാനപീഠ പുരസ്കാകാര ജേതാവായ ബാൽ ചന്ദ്ര നെമാഡേ -യുടെ പുരസ്കാരത്തിന് അർഹമായ നോവൽ :
(A) ഹിന്ദു: ജഗന്യായി സമുദ്ധ അഡ്ഗൽ
(B) ദെഖാനി
(C) ബിദാർഹൂൽ
(D) ജാരില

8. 2014-ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയത് ആര് ?
(A) എം.കെ. സാനു (B) വിഷ്ണു നാരായണൻ നമ്പൂതിരി
(C) കെ.ആർ. മീര (D) സുഭാഷ് ചന്ദ്രൻ

9. 2015-ലെ അർജുന അവാർഡ് നേടിയ മലയാളി :
(A) ടിന്റുലൂക്ക (B) ടോം ജോസഫ്
(C) ബിനാമോൾ (D) പി.ആർ. ശ്രീജേഷ്

PSCNET.in

10. 2017-ലെ അണ്ടർ-17 ഫുഡ്ബാൾ ലോകകപ്പിന് വേദിയാക്കുന്ന കേരളത്തിലെ നഗരം :
(A) കൊച്ചി
(B) തിരുവനന്തപുരം
(C) തൃശൂർ
(D) മലപ്പുറം

11. ഇന്ത്യയുടെ ഏറ്റവും പ്രാചീനമായ പർവ്വതനിര :
(A) വിന്ധ്യാ സത്പുര
(B) ഹിമാലയം
(C) ആരവല്ലി
(D) സഹ്യ പർവ്വതം

12. ഏറ്റവും കൂടുതൽ കടൽ തീരമുള്ള ഇന്ത്യൻ സംസ്ഥാനം :
(A) ആന്ധ്രാപ്രദേശ്
(B) ഗുജറാത്ത്
(C) തമിഴ്നാട്
(D) പശ്ചിമബംഗാൾ

13. പരമ്പരാഗത ഊർജ്ജ വിഭവത്തിന് ഒരു ഉദാഹരണം :
(A) സൗരോർജ്ജം
(B) ജൈവവാതകം
(C) കൽക്കരി
(D) കാറ്റിൽ നിന്ന് വൈദ്യുതി

14. ലോക റെയിൽവേകളിൽ ഇന്ത്യയുള്ള സ്ഥാനം :
(A) നാലാം സ്ഥാനം
(B) ഒന്നാം സ്ഥാനം
(C) ഏഴാം സ്ഥാനം
(D) മൂന്നാം സ്ഥാനം

15. ഇന്ത്യയിൽ ചണ വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത് :
(A) മുംബൈ
(B) വിശാഖപട്ടണം
(C) ചെന്നൈ
(D) കൊൽക്കത്ത

16. ഗാന്ധിജി സിവിൽ നിയമലംഘന പ്രസ്ഥാനം നിർത്തിവെക്കാൻ ഇടയാക്കിയ സംഭവം?
(A) ഖിലാഫത്ത് പ്രസ്ഥാനം
(B) ചൗരിചൗരാ സംഭവം
(C) വാഗൺ ട്രാജഡി
(D) ഉപ്പ് സത്യാഗ്രഹം

17. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച ഇന്ത്യയിലെ വലിയ നാട്ടു രാജ്യം ഏത് ?
(A) ജുനഗഢ്
(B) തിരുവിതാംകൂർ
(C) മൈസൂർ
(D) ഹൈദരാബാദ്

18. ഇന്ത്യയിലെ നവോത്ഥാനത്തിന്റെ നായകൻ എന്നറിയപ്പെടുന്നത് ആര് ?
(A) രാജാറാം മോഹൻ റായ്
(B) ഈശ്വര ചന്ദ്ര വിദ്യാ സാഗർ
(C) സ്വാമി ദയാനന്ദ സരസ്വതി
(D) രവീന്ദ്ര നാഥ ടാഗോർ

19. അരബിന്ദ് ഘോഷ് ബംഗാളി ഭാഷയിൽ തുടങ്ങിയ പ്രസിദ്ധീകരണം ഏത് ?
(A) ജുഗാന്തർ
(B) നവജീവൻ
(C) ആനന്ദ്ലോക്
(D) സനാതന

PSCNET.in

20. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട ഏറ്റവും പ്രധാന വെല്ലുവിളി ?
(A) പാക്കിസ്ഥാനുമായുള്ള യുദ്ധം (B) ഭാഷാ പ്രശ്നം
(C) മന്ത്രിസഭാ രൂപീകരണം (D) അഭയാർത്ഥി പ്രശ്നം

21. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലക്ഷ്യം 'പൂർണ്ണ സ്വരാജ്' ആണെന്ന് പ്രഖ്യാപിച്ച സമ്മേളനം ഏത് ?
(A) അലഹബാദ് സമ്മേളനം (B) സൂറത്ത് സമ്മേളനം
(C) ലാഹോർ സമ്മേളനം (D) കൽക്കത്താ കോൺഗ്രസ്സ്

22. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മുദ്രാവാക്യം ഇന്ത്യൻ ജനതക്ക് നൽകിയത് ആര്
(A) സുഭാഷ് ചന്ദ്ര ബോസ് (B) ഗാന്ധിജി
(C) രാജേന്ദ്ര പ്രസാദ് (D) ഗോപാല കൃഷ്ണ ഗോഖലെ

23. 'ശ്രീരാമകൃഷ്ണ മിഷൻ' സ്ഥാപിച്ചതാര് ?
(A) സ്വാമി വിവേകാനന്ദൻ (B) ആത്മാറാം പാണ്ഡുരംഗ്
(C) മാഡം ബ്ലാവസ്കി (D) സ്വാമി ദയാനന്ദ സരസ്വതി

24. 'സ്വരാജ്യം എന്റെ ജന്മാവകാശമാണ്' എന്ന് പറഞ്ഞതാര് ?
(A) സി.ആർ.ദാസ് (B) ലാലാ ലജ്പത്റായ്
(C) സുരേന്ദ്രനാഥ ബാനർജി (D) ബാല ഗംഗാധര തിലകൻ

25. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ച കമ്മീഷന്റെ അധ്യക്ഷൻ :
(A) വല്ലഭായ് പട്ടേൽ (B) സിറിൽ റാഡ്ക്ലിഫ്
(C) ഡോ. ഫസൽ അലി (D) വി.പി. മേനോൻ

26. ഭരണഘടനയുടെ മൗലികാവകാശങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?
(A) സമത്വത്തിനുള്ള അവകാശം (B) സമാധാനത്തിനുള്ള അവകാശം
(C) സ്വാതന്ത്ര്യത്തിനുള്ള അവകാശം (D) ചൂഷണത്തിനെതിരായുള്ള അവകാശം

27. ഇന്ത്യയുടെ ദേശീയ ചിഹ്നമായ അശോക സ്തംഭം കാണപ്പെടുന്ന സാരനാഥ് ഏത് സംസ്ഥാനത്തിലാണ് ?
(A) ഉത്തർപ്രദേശ് (B) ഡൽഹി
(C) പശ്ചിമബംഗാൾ (D) മധ്യപ്രദേശ്

28. ഇന്ത്യയുടെ ദേശീയ പതാക രൂപകൽപ്പന ചെയ്തത് ?
(A) ജവഹർലാൽ നെഹ്റു (B) ഡോ. അംബേദ്കർ
(C) പിങ്കളി വെങ്കയ്യ (D) മാഡം ബിക്കാജി കാമ

PSCNET.in

29. മുഖ്യ വിവരാവകാശ കമ്മീഷണർ :
(A) വിജയ് ശർമ്മ
(B) കെ.വി. ചൗധരി
(C) കെ.ജി. ബാലകൃഷ്ണൻ
(D) രംഗനാഥ് മിശ്ര

30. വിവരാവകാശ നിയമം കേന്ദ്രം പാസ്സാക്കിയത് ഏത് വർഷം ?
(A) 1993
(B) 2009
(C) 2000
(D) 2005

31. കേരളത്തിലെ ഏറ്റവും വലിയ ഭൂവിഭാഗം :
(A) ഇടനാട്
(B) മലനാട്
(C) തീരപ്രദേശം
(D) സമതല പ്രദേശം

32. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം :
(A) വേമ്പനാട്ട് കായൽ
(B) കായംകുളം കായൽ
(C) കൊടുങ്ങല്ലൂർ കായൽ
(D) ശാസ്താംകോട്ട കായൽ

33. കേരളത്തിലെ വെനീസ് എന്നറിയപ്പെട്ടുന്നത് :
(A) ആലപ്പുഴ
(B) കൊച്ചി
(C) കോവളം
(D) കൊല്ലം

34. കേരളത്തിന്റെ ഏറ്റവും തെക്കുള്ള നദി :
(A) കരമനയാറ്
(B) നെയ്യാർ
(C) കല്ലട
(D) അച്ചൻകോവിൽ ആറ്

35. കേരളത്തിന് ഏറ്റവുമധികം വിദേശനാണ്യം നേടിതരുന്ന സമുദ്രോല്പന്നം ഏത്
(A) ആവോലി
(B) കരിമീൻ
(C) ചെമ്മീൻ
(D) സ്രാവ്

36. കായിക കേരളത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര് ?
(A) ടി.സി. യോഹന്നാൻ
(B) ജി.വി. രാജ
(C) സി.കെ. ലക്ഷ്മണൻ
(D) ജിമ്മി ജോർജ്ജ്

37. കേരളത്തിലെ ആദ്യത്തെ ദേശീയോദ്യാനം ?
(A) ആനമുടിച്ചോല
(B) പാമ്പാടും ചോല
(C) സൈലന്റ് വാലി
(D) ഇരവികുളം

38. ജലാശയത്തിലെ ഒളിംബിക്സ് എന്നറിയപ്പെടുന്നത് :
(A) ആറന്മുള വള്ളംകളി
(B) ഉത്രട്ടാതി വള്ളംകളി
(C) നെഹ്റു ട്രോഫി വള്ളം കളി
(D) കുമരകം വള്ളം കളി

39. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി ഏത് ?
(A) കല്ലട പദ്ധതി
(B) പള്ളിവാസൽ
(C) ഇടുക്കി പദ്ധതി
(D) ശബരി ഗിരി

PSCNET.in

40. ഇന്ത്യയിലെ ആദ്യത്തെ ബയോളജിക്കൽ പാർക്ക് ?
(A) അഗസ്ത്യാർ കൂടം (B) തട്ടേക്കാട്
(C) മംഗള വനം (D) തേക്കടി

41. കേരളത്തിൽ ഉപ്പുസത്യാഗ്രഹം നടന്ന സ്ഥലം ?
(A) ആറ്റിങ്ങൽ (B) കോഴിക്കോട് (C) കൊടുങ്ങല്ലൂർ (D) പയ്യനൂർ

42. ഒറ്റപ്പാലത്ത് വെച്ച് നടന്ന ഒന്നാം അഖില കേരള നാഷ്ട്രീയ സമ്മേളനത്തിലെ അധ്യക്ഷൻ ആര് ?
(A) കെ. മാധവൻ നായർ (B) ടി. പ്രകാശം
(C) കേസരി ബാലകൃഷ്ണ പിള്ള (D) എം.പി. നാരായണ മേനോൻ

43. വൈക്കം സത്യാഗ്രഹം നടന്ന വർഷം :
(A) 1931 (B) 1936 (C) 1924 (D) 1921

44. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വളണ്ടിയർ ക്യാപ്റ്റൻ :
(A) എ.കെ. ഗോപാലൻ (B) സി. ഭാസ്കരൻ
(C) പി.കൃഷ്ണപിള്ള (D) എ.കെ. പിള്ള

45. വില്ലുവണ്ടി സമരം നടത്തിയ സാമൂഹ്യപരിഷ്കർത്താവ് ആര് ?
(A) സഹോദരൻ അയ്യപ്പൻ (B) വാഗ്ഭടാനന്ദൻ
(C) അയ്യങ്കാളി (D) വൈകുണ്ഠ സ്വാമികൾ

46. ചട്ടമ്പിസ്വാമികളുടെ സമാധി സ്ഥലം :
(A) ശിവഗിരി (B) ചെമ്പഴന്തി (C) കാലടി (D) പന്മന

47. ആത്മോപദേശ ശതകം എന്ന കൃതി രചിച്ചത് ആര് ?
(A) കുമാരഗുരു (B) ശ്രീനാരായണഗുരു
(C) വള്ളത്തോൾ (D) കുമാരനാശാൻ

48. അധഃസ്ഥിത സമുദായങ്ങളെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പണ്ഡിറ്റ് കറുപ്പൻ രചിച്ച ഒരു കാവ്യശില്പം :
(A) ചിത്രാലങ്കാരം (B) ലങ്കാ മർദ്ദനം
(C) ജാതി നിർണ്ണയം (D) ജാതിക്കുമ്മി

PSCNET.in

49. വി.ടി. ഭട്ടതിരിപ്പാട് രചിച്ച ആത്മകഥാ സ്വഭാവമുള്ള ഗ്രന്ഥം :
(A) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്
(B) സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു
(C) കണ്ണീരും കിനാവും
(D) ജീവിതസ്മരണകൾ

50. 1959-ൽ ഭാരതകേസരി പുരസ്കാരം ലഭിച്ച സാമൂഹിക സാമുദായിക നവോത്ഥാന നായകൻ:
(A) മന്നത്ത് പത്മനാഭൻ
(B) കെ.പി. കേശവമേനോൻ
(C) കെ.മാധവൻ നായർ
(D) സർ സയ്യിദ് അഹമ്മദ് ഖാൻ

51. 15 -ന്റെയും 35 -ന്റെയും ഇടയിലുള്ള അഭാജ്യ സംഖ്യകളുടെ എണ്ണം :
(A) 7 (B) 6 (C) 5 (D) 4

52. $8 \times 4 - [(8+3) \times 4] \div 2 = ?$
(A) 6 (B) 12 (C) 18 (D) 10

53. 1 മുതൽ 15 വരെയുള്ള എണ്ണൽ സംഖ്യകളുടെ ശരാശരി എത്ര ?
(A) 25 (B) 18 (C) 13 (D) 8

54. രണ്ട് സംഖ്യകളുടെ തുക 15 ഉം അവയുടെ ഗുണനഫലം 50 ഉം ആയാൽ ആ സംഖ്യകളുടെ വ്യുൽക്രമങ്ങളുടെ തുക എത്ര ?
(A) $\frac{3}{5}$ (B) $\frac{3}{10}$ (C) $\frac{2}{5}$ (D) $\frac{2}{10}$

55. $(64)^{5/6} + (27)^{1/3} = ?$
(A) 15 (B) 22 (C) 35 (D) 50

56. ഒരു സംഖ്യയുടെ 50% -ത്തോട് 25 കൂട്ടിയപ്പോൾ അതേ സംഖ്യ തന്നെ ലഭിക്കുന്നു എങ്കിൽ സംഖ്യ ഏത് ?
(A) 50 (B) 25 (C) 20 (D) 10

57. $A : B = 3 : 5$, $B : C = 7 : 11$ എങ്കിൽ $A : C$ -യുടെ വില എത്ര ?
(A) 3 : 7 (B) 5 : 7 (C) 3 : 11 (D) 21 : 55

58. രാമു 5000 രൂപയുടെ ഒരു വസ്തു 6250 രൂപയ്ക്ക് വിറ്റാൽ ലാഭ ശതമാനം എത്ര ?
(A) 20% (B) 25% (C) 28% (D) 30%

PSCNET.in

59. 3600 രൂപയ്ക്ക് $6\frac{1}{4}\%$ നിരക്കിൽ 4 മാസത്തേക്ക് എത്ര രൂപ സാധാരണ പലിശ ലഭിക്കും ?

(A) 75 (B) 50 (C) 36 (D) 24

60. അനീഷ് ഒരു ജോലി 30 ദിവസം കൊണ്ടും സനീഷ് അതേ ജോലി 25 ദിവസം കൊണ്ടും ചെയ്തു തീർക്കുമെങ്കിൽ ഇവർ രണ്ടു പേരും കൂടി ഒരുമിച്ച് ചെയ്താൽ എത്ര ദിവസം കൊണ്ട് ജോലി തീരും ?

(A) $8\frac{2}{11}$ ദിവസം (B) $11\frac{7}{11}$ ദിവസം (C) $13\frac{7}{11}$ ദിവസം (D) $10\frac{2}{11}$ ദിവസം

61. വിട്ടുപോയ സംഖ്യ പൂരിപ്പിക്കുക.

0, 6, 24, __?__ , 120

(A) 60 (B) 56 (C) 70 (D) 74

62. FATHER -നെ കോഡുപയോഗിച്ച് DYRFCP എന്നെഴുതിയാൽ UNCLE -നെ അതേ കോഡുപയോഗിച്ച് എങ്ങനെ എഴുതാം ?

(A) TLAKC (B) SLAJC (C) SMBJD (D) WPENG

63. ഒറ്റയാനെ കണ്ടെത്തുക.

(A) 64 (B) 8 (C) 125 (D) 151

64. സമാന ബന്ധം കണ്ടെത്തി പൂരിപ്പിക്കുക.

121 : 11 : : 196 : __?__

(A) 24 (B) 16 (C) 14 (D) 12

65. $48\pi$ ച.സെ.മീ ഉപരിതല പരപ്പളവുള്ള ഒരു അർദ്ധഗോളത്തിന്റെ ആരം എത്രയാണ് ?

(A) 2 സെ.മീ (B) 4 സെ.മീ (C) 6 സെ.മീ (D) 7.5 സെ.മീ

66. ഒരു മത്സര പരീക്ഷയിൽ അരുണിന് മുകളിൽ നിന്ന് 16 -ാം റാങ്കും താഴെ നിന്നും 35 -ാം റാങ്കും കിട്ടിയെങ്കിൽ ആ പരീക്ഷയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണമെത്ര ?

(A) 50 (B) 51 (C) 52 (D) 49

67. 2015 ഡിസംബർ 25 -ാം തീയതി വെള്ളിയാഴ്ച ആയാൽ 2017 ജനുവരി 1 ഏത് ദിവസമാണ് ?

(A) വ്യാഴം (B) ശനി (C) ഞായർ (D) വെള്ളി

68. ക്ലോക്കിന്റെ മുന്നിൽ ഒരു കണ്ണാടി വച്ചിട്ടുണ്ട്. ക്ലോക്കിലെ സമയം 10.25 എങ്കിൽ കണ്ണാടിയിൽ കാണുന്ന സമയം എത്ര ?

(A) 5.25 (B) 10.25 (C) 11.35 (D) 1.35

PSCNET.in

69. ബസ് സ്റ്റോപ്പിൽ നിൽക്കുന്ന ഒരു സ്ത്രീയെ കാണിച്ച് രാമു പറഞ്ഞു, എന്റെ അമ്മൂമ്മയുടെ ഏക മകന്റെ മകളാണ് ഇത്. എങ്കിൽ രാമു ആ സ്ത്രീയുടെ ആരാണ് ?

(A) സഹോദരൻ (B) സഹോദരി (C) അച്ഛൻ (D) അമ്മ

70. ബാബു കിഴക്കോട്ട് 2 കി.മീ. നടന്ന് വലത്തോട്ട് തിരിഞ്ഞ് വീണ്ടും 2 കി.മീ. നടന്ന് ഇടത്തോട്ട് തിരിഞ്ഞ് 4 കി.മീ. നടന്ന് വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 10 കി.മീ. സഞ്ചരിക്കുന്നു. എങ്കിൽ തുടങ്ങിയ സ്ഥലത്തുനിന്നും എത്ര ദൂരത്തിലായിരിക്കും ബാബു ഇപ്പോൾ ?

(A) 18 കി.മീ. (B) 10 കി.മീ. (C) 4 കി.മീ. (D) 2 കി.മീ.

71. കേരള ഇൻലാന്റ് വെസ്സൽ റൂൾ നിലവിൽ വന്ന വർഷം :

(A) 1998 (B) 2010 (C) 2011 (D) 2012

72. കനോലി കനാൽ സ്ഥിതിചെയ്യുന്നത് ഏതു ജില്ലയിലാണ് ?

(A) തിരുവനന്തപുരം (B) ആലപ്പുഴ

(C) തൃശ്ശൂർ (D) പാലക്കാട്

73. സംസ്ഥാന ജല ഗതാഗത വകുപ്പിന്റെ ആസ്ഥാനം എവിടെയാണ് ?

(A) ആലപ്പുഴ (B) കൊല്ലം (C) വൈക്കം (D) എറണാകുളം

74. കേരളത്തിൽ കടൽത്തീരത്തല്ലാതെ സ്ഥിതി ചെയ്യുന്ന പോർട്ട് ഏതാണ് ?

(A) വിഴിഞ്ഞം (B) കൊടുങ്ങല്ലൂർ (C) കോട്ടയം (D) കൊല്ലം

75. സുൽത്താൻ തോട് ഏതു ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത് ?

(A) കണ്ണൂർ (B) തിരുവനന്തപുരം

(C) എറണാകുളം (D) പാലക്കാട്

76. ഫയർ ബക്കറ്റിന്റെ പുറത്തെ നിറം :

(A) വെള്ള (B) കറുപ്പ് (C) നീല (D) ചുവപ്പ്

77. ഒരു ജലവാഹനത്തിന്റെ മുൻ അറ്റത്തിന്റെ പേര് :

(A) അണിയം (B) അമരം (C) ചുക്കായക്കൂട് (D) ജാലി

78. ഒരു ബോട്ടിന്റെ ഏരാവ് (കീൽ) എവിടെ സ്ഥിതി ചെയ്യുന്നു ?

(A) എൻജിൻ മുറിയിൽ

(B) അമരഭാഗത്ത്

(C) ബോട്ടിന്റെ ഏറ്റവും അടിഭാഗത്ത്

(D) പാസഞ്ചർ ഡക്കിൽ

PSCNET.in

79. ഒരു ജലവാഹനത്തിന്റെ സഞ്ചാരദിശ മാറ്റുന്നതിനായി ജലത്തിൽ പ്രവർത്തിക്കുന്ന ബോട്ടിന്റെ ഭാഗം :

(A) പ്രൊപ്പല്ലർ (B) ചുക്കായം (C) ആങ്കർ (D) ജാലി

80. ഒരു ബോട്ടിന്റെ ഫ്രീബോർഡ് എന്ന ഭാഗം എവിടെയാണ് ?

(A) വെള്ളത്തിനടിയിൽ വരുന്ന ഭാഗം

(B) വെള്ളത്തിനു മുകളിൽ ഡക്കുവരെയുള്ള ഹള്ളിന്റെ ഭാഗം

(C) സ്റ്റിയറിംഗ് ഉറപ്പിച്ചിരിക്കുന്നഭാഗം

(D) യാത്രക്കാർ നിൽക്കുന്ന ഭാഗം

81. ബോട്ടിന്റെ പ്രൊപ്പല്ലർ ഷാഫ്റ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം :

(A) അണിയത്ത് (B) എൻജിനകത്ത്

(C) ഗിയറിൽനിന്നും അമരത്തേക്ക് (D) ചുക്കായക്കൂട്ടിൽ

82. ബോട്ടിലെ എൻജിന്റെ ഓയിൽ ലെവൽ അറിയുന്നതിനായി എൻജിനിൽ ഘടിപ്പിച്ചിരിക്കുന്ന ഭാഗം :

(A) ഇൻജെക്റ്റർ (B) ഡിപ്പ്സ്റ്റിക് (C) പിസ്റ്റൺ (D) ഓയിൽ ഗേജ്

83. എൻജിനിലേക്ക് പ്രവഹിക്കുന്ന ഡീസൽ കത്തുന്നത് ഏതുവിധേനയാണ് ?

(A) ഇലക്ട്രിക് സ്പാർക്ക്

(B) ഉയർന്ന വായുസമ്മർദ്ദം

(C) പുറമേനിന്നു നൽകുന്ന തീജ്ജ്വാല

(D) എൻജിനിലെ ഓയിലിന്റെ സാന്നിദ്ധ്യം

84. ബോട്ടിൽ പച്ചനിറത്തിലുള്ള വെളിച്ചം എവിടെയാണ് ക്രമീകരിച്ചിരിക്കുന്നത് ?

(A) സ്റ്റാർബോർഡ് സൈഡിൽ (B) പോർട്ട് സൈഡിൽ

(C) അമരത്ത് (D) അണിയത്ത്

85. ബോട്ടിൽ നങ്കൂരത്തിന്റെ ഉപയോഗം എന്ത് ?

(A) ബോട്ട് ജെട്ടികളിൽ കെട്ടിയിടുന്നതിന്

(B) ബോട്ടിന് വേഗത ലഭിക്കുന്നതിന്

(C) തുറസ്സായ ജലാശയത്തിൽ ബോട്ട് ഒഴുകിപ്പോകാതെ നിർത്തിയിടുന്നതിന്

(D) ബോട്ടിന്റെ സഞ്ചാരദിശ അറിയുന്നതിന്

PSCNET.in

86. ബെല്ലാഡ് എന്നാൽ എന്ത് ?

(A) ഡ്രൈവർ യന്ത്രം നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന ഉപകരണം

(B) ബോട്ടിന്റെ കയറുകൾ കെട്ടാൻ ഉപയോഗിക്കുന്ന കുറ്റി

(C) ബോട്ടിന്റെ ഗതി നിയന്ത്രിക്കുന്ന ഉപകരണം

(D) ബോട്ടിന്റെ മദ്ധ്യ ഭാഗം

87. ബോട്ടിന്റെ ലാസ്കറിന്റെ പ്രധാനജോലി :

(A) ബോട്ടിൽ യാത്രക്കാരെയും, ചരക്കും കയറ്റാനും ഇറക്കാനും സഹായിക്കുക.

(B) ബോട്ടിന്റെ ഗതി നിയന്ത്രിക്കൽ

(C) എൻജിന്റെ അറ്റകുറ്റപ്പണികൾ

(D) യാത്രക്കാരിൽ നിന്നും യാത്രക്കൂലി ശേഖരിക്കൽ

88. ബോട്ടിന്റെ പാർശ്വങ്ങളിൽ സ്ഥിതി ചെയ്യുന്ന ഭാഗം :

(A) ചുക്കായം (B) മണിക്കാൽ (C) ജാലി (D) ഡെക്ക്

89. ലൈഫ് ജാക്കറ്റ് എന്നാൽ എന്ത് ?

(A) ബോട്ടിൽ അപകടം നടക്കുമ്പോൾ വെള്ളത്തിൽ ഇട്ടുകൊടുക്കുന്ന സാധനം

(B) യാത്രക്കാർക്ക് ശരീരത്തിൽ ധരിക്കാനുള്ളത്

(C) തീ അണയ്ക്കാനുള്ള ഉപകരണം

(D) കൈയ്യുറ

90. ബോയന്റ് അപ്പരറ്റസിന്റെ ആകൃതി എന്താണ് ?

(A) വൃത്താകൃതി (B) സ്തൂപാകൃതി

(C) ഗോളാകൃതി (D) ദീർഘചതുരാകൃതി

91. ഫയർ എക്സ്റ്റിംഗുഷർ എന്നാൽ എന്ത് ?

(A) ഓയിൽ ശേഖരിച്ചുവെയ്ക്കുന്ന പാത്രം

(B) വെള്ളം ശേഖരിച്ചുവെയ്ക്കുന്ന പാത്രം

(C) ഒരു അഗ്നിശമന ഉപകരണം

(D) എൻജിനിൽ ഓയിലുണ്ടോ എന്നു പരിശോധിക്കുന്ന ഉപകരണം

PSCNET.in

92. റബ്ബർ ഗ്ലൗസ് എന്നാൽ എന്ത് ?

(A) വെള്ളത്തിൽ ഇറങ്ങുമ്പോൾ ധരിക്കുന്ന വസ്ത്രം

(B) ഓയിൽ, ഗ്രീസ് എന്നിവ എടുക്കുന്ന പാത്രം

(C) ബോട്ടിൽ ഉപയോഗിക്കുന്ന പാദരക്ഷ

(D) ഇലക്ട്രിക്കൽ സംബന്ധമായ ജോലികൾ ചെയ്യുമ്പോൾ ധരിക്കുന്ന കൈയ്യുറ

93. ആങ്കറിംഗിന് ഉപയോഗിക്കുന്ന റോപ്പിന്റെ നീളം :

(A) വെള്ളത്തിന്റെ ആഴത്തിന് തുല്യമായ നീളം

(B) വെള്ളത്തിന്റെ ആഴത്തിന്റെ ഇരട്ടി നീളം

(C) നീളം പ്രത്യേകം കണക്കാക്കേണ്ടതില്ല

(D) വെള്ളത്തിന്റെ ആഴത്തിന്റെ മൂന്നിരട്ടി നീളം

94. ബോട്ടിൽ ഉപയോഗിക്കുന്ന കോമ്പസ് എന്തിനുള്ളതാണ് ?

(A) ഇന്ധനത്തിന്റെ അളവറിയാൻ

(B) ജലത്തിന്റെ ആഴം അറിയാൻ

(C) ബോട്ടിന്റെ സഞ്ചാരദിശ അറിയാൻ

(D) എൻജിനിലെ ഓയിലിന്റെ അളവറിയാൻ

95. ഹീവിങ് ലൈൻ എന്നാൽ എന്ത് ?

(A) ജലവാഹനത്തിന്റെ വശങ്ങളിൽ വരയ്ക്കുന്ന രേഖ

(B) ബോട്ട് കെട്ടി വലിക്കാൻ ഉപയോഗിക്കുന്ന കയർ

(C) എൻജിൻമുറിയിലേക്ക് ഇന്ധനം വരുന്ന കുഴൽ

(D) ബോട്ടിൽ നിന്ന് കരയിലേക്ക് എറിഞ്ഞുകൊടുക്കുന്ന ഭാരം കുറഞ്ഞ കയർ

96. ജലവാഹനത്തിലെ ദ്രവരൂപത്തിലുള്ള ഇന്ധനത്തിന് തീപിടിച്ചാൽ തീ അണക്കാൻ ഉപയോഗിക്കുന്ന ഫലപ്രദമായ മാർഗ്ഗം :

(A) ഫോംടൈപ്പ് അഗ്നിശമനി ഉപയോഗിക്കുക

(B) തീയിലേക്ക് മണൽ എറിയുക

(C) വാട്ടർജെറ്റ് ഉപയോഗിക്കുക

(D) വെള്ളം കോരി ഒഴിക്കുക

PSCNET.in

97. ബർത്തിംഗ് റോപ്പിന്റെ ഉപയോഗം എന്ത് ?
   (A) ബോട്ട് കെട്ടിവലിക്കാൻ
   (B) ലൈഫ്ബോയ്യിൽ കെട്ടി എറിയാൻ
   (C) ബോട്ട് തിരിക്കുന്നതിനു വേണ്ടി
   (D) ബോട്ട് ജെട്ടിയിൽ കെട്ടി നിർത്താൻ

98. വിപ്പിംഗ് എന്നാൽ എന്ത് ?
   (A) രണ്ടു കയറുകൾ തമ്മിൽ കെട്ടുന്നത്
   (B) കയറിന്റെ അറ്റം അഴിഞ്ഞുപോകാതെ നിലനിർത്തുന്നതിനുള്ള കെട്ട്
   (C) വണ്ണം കൂടിയ കയറും വണ്ണം കുറഞ്ഞ കയറും തമ്മിൽ യോജിപ്പിക്കുന്നത്
   (D) ഭാരം ഉയർത്താനുള്ള കെട്ട്

99. റീഫ് നോട്ട് എന്തിന് ഉപയോഗിക്കുന്നു ?
   (A) ബോട്ട് കെട്ടി നിർത്തുന്നതിന്
   (B) രണ്ട് ഒരേ സൈസിലുള്ള കയറുകൾ തമ്മിൽ കൂട്ടിക്കെട്ടുന്നതിന്
   (C) പുള്ളി കെട്ടി നിർത്തുന്നതിന്
   (D) ചെറിയ കയറും വലിയ കയറും തമ്മിൽ യോജിപ്പിക്കുന്നതിന്

100. ഐസ്പ്ലൈസ് എന്തിന് ഉപയോഗിക്കുന്നു ?
   (A) കയറിന്റെ അറ്റത്ത് കണ്ണിന്റെ ആകൃതിയിലുള്ള റിംഗുകൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.
   (B) രണ്ടു കയറുകൾ കൂട്ടിക്കെട്ടാൻ ഉപയോഗിക്കുന്നു
   (C) റോപ്പിനെ ബലപ്പെടുത്താൻ ഉപയോഗിക്കുന്നു
   (D) ഏതെങ്കിലും ഭാരമുള്ള വസ്തുക്കൾ കെട്ടിവലിക്കാൻ ഉപയോഗിക്കുന്നു

- o 0 o -